(ബി) കരുവാറ്റ, ചെറുതന, ചേപ്പാട്, പട്ടണക്കാട് എന്നീ ഉന്നതതല ജല സംഭരണികളുടെ ഡിസൈൻ വാട്ടർ അതോറിറ്റിയിൽ ലഭ്യമായിരുന്നു. എന്നാൽ ചെറുതന കരുവാറ്റ എന്നിവിടങ്ങളിലെ ജലസംഭരണികൾക്ക് രണ്ട് പ്രാവശ്യം ഷെഡ്യൂൾ ടെണ്ടർ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ ലംപ്സം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(സി) ലംപ്സം ടെണ്ടർ സിസ്റ്റം ഏർപ്പെടുത്തിയത് ഉദ്യോഗസ്ഥന്മാരല്ല. എന്നാൽ പദ്ധതികൾ നടപ്പിലാക്കുന്നതിനെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ അടങ്ങുന്ന പി. ഡബ്ല്യു. ഡി. മാനുവൽ പ്രകാരമാണ് ലംപ്സം ടെണ്ടർ സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ചവർ എവിടെയെങ്കിലും പ്രവർത്തിക്കുന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) ലംപ്സം ടെണ്ടർ സിസ്റ്റം മുഖേന ഏർപ്പെടുത്തുന്ന കരാറുകൾ ഇൻവെസ്റ്റിഗേഷൻ ഡിസൈൻ, പ്ലാനിംഗ് എന്നിവ ഉൾപ്പെടെ പണി പൂർത്തിയാക്കുവാനായിട്ടുള്ളതാണെങ്കിലും ഓരോ ഇനത്തിനും വേണ്ടി വരുന്ന തുക വെവ്വേറെ രേഖപ്പെടുത്താറില്ല. അതിനാൽ ഈ വകയിൽ ചെലവാക്കിയ തുക വ്യക്തമാക്കുവാൻ സാധിക്കുകയില്ല.

(ഇ) സപ്ലൈയിംഗ് ആന്റ് ലേയിംഗ് സംവിധാനം നടപ്പിലാക്കിയതുമൂലം നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്താറായിട്ടില്ല. പണികൾ പൂർത്തിയായതിനു ശേഷം മാത്രമേ ഇത് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

മിനറൽ വാട്ടർ ബോട്ടലിംഗ് പ്ലാന്റുകൾ

57 (4665) .ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മിനറൽ വാട്ടർ ബോട്ടലിംഗ് പ്ലാന്റുകളാണുള്ളത് ;

(ബി) ഇതിൽ ഏതെങ്കിലും സ്ഥാപനം പൊതുമേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ ;

.(സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു മിനറൽ വാട്ടർ ബോട്ട്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

തലസ്ഥാന വികസന പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്ന കുടിവെള്ള പദ്ധതികൾ

58 (4666) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന വികസന പരിപാടിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾ എപ്പോൾ ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് യഥാക്രമം എന്തുതുക ചെലവഴിക്കപ്പെട്ടു എന്ന് അറിയിക്കുമോ ;

(ഡി) തലസ്ഥാന മേഖലയുടെ കിഴക്കൻ പ്രദേശങ്ങളായ തിരുമല, വട്ടിയൂർക്കാവ് വില്ലേജുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തലസ്ഥാന വികസന പരിപാടിയിൽ ഉൾപ്പെടുത്തി 13 കുടിവെള്ള പദ്ധതികളാണ് ആരംഭിക്കുന്നത്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി&സി) പദ്ധതിയുടെ വിശദാംശങ്ങൾക്ക് അന്തിമ രൂപമായിട്ടില്ല.

(ഡി) തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിയുടെ ഇടക്കാല വിപുലീകരണത്തിൽ ഉൾപ്പെടുത്തി ഒരു ജല ശുദ്ധീകരണശാല (16 എം. എൽ. ഡി) പി. ടി. പി. നഗറിൽ നിർമ്മിച്ചു വരുന്നു. ഈ വർഷാവസാനത്തോടുകൂടി ഇതിന്റെ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പൂർത്തിയാകുമ്പോൾ തിരുമല, വട്ടിയൂർക്കാവ്, കാഞ്ഞിരംപാറ, പി. ടി. പി. നഗർ എന്നിവിടങ്ങളിൽ ഭാഗികമായി ജലവിതരണം മെച്ചപ്പെടുന്നതാണ്.

ഈസ്റ്റ് എളേരി പഞ്ചായത്തിലെ വെള്ളടുക്കാ കുടിവെള്ള പദ്ധതി

59 (4667) ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ വെള്ളടുക്കാ കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

കാസർഗോഡ് ജില്ലയിലെ വെള്ളടുക്കാകുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ 2003 മാർച്ച് മാസത്തോടെ പൂർത്തീകരിച്ചു. പദ്ധതിയുടെ വൈദ്യുതീകരണത്തിനായി 150 മീറ്റർ 11 കെ. വി. ലൈനും 1000 മീറ്റർ എൽ. ടി. ലൈനും നീട്ടേണ്ടതും ഒരു 110 കെ. വി. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതും ആവശ്യമാണെന്ന് കെ. എസ്. ഇ. ബി. അധികൃതർ അറിയിച്ചിട്ടുണ്ട്. അതിലേയ്ക്കായി 6.8 ലക്ഷം രൂപ കെ. എസ്. ഇ. ബി. യിലേക്ക് അടക്കേണ്ടതുണ്ട്. ഇതിൽ 1.90 ലക്ഷം രൂപ ഈസ്റ്റ് എളേരി പഞ്ചായത്ത്, ഗ്രാമപഞ്ചായത്തിന്റേയും നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതമായി കേരളാവാട്ടർ അതോറിറ്റിയുടെ കാസർഗോഡ് ഡിവിഷൻ ഓഫീസിൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കെ.എസ്.ഇ.ബി.യിൽ അടയ്ക്കാനുള്ള തുക അടയ്ക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
8.	ആവോൺ മീറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചാണ്ഡിഗർ	സിംഗിൾ ഫേയ്സ്-ഇലക്ട്രോണിക് മീറ്റർ	355.38	1,00,000
9.	ബി.എച്ച്.ഇ.എൽ. ചെന്നൈ	ത്രീ ഫേയ്സ്-ഇലക്ട്രോണിക് മീറ്റർ	1860.00	6,500
10.	ഇന്ത്യാ മീറ്റേഴ്സ്, ചെന്നൈ	ത്രീ ഫേയ്സ്-ഇലക്ട്രോണിക് മീറ്റർ	1860.00	3,000
11.	എച്ച്.പി.എൽ. സോക്കോമെക്, പ്രൈവറ്റ് ലിമിറ്റഡ്, ഡെൽഹി	സിംഗിൾ ഫേയ്സ്-ഇലക്ട്രോണിക് മീറ്റർ	440.00	10,000

അനുബന്ധം IV

[31-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 58 (4666) കാണുക]

ക്രമനമ്പർ	പദ്ധതിയുടെ പേര്	എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ)
(1)	(2)	(3)
1.	വലിയതുറ, ചെറിയതുറ, ബീമാപള്ളി തുടങ്ങിയ തീരദേശ പ്രദേശങ്ങളിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി 400 മി. മി. പ്രിമോ പൈപ്പും പാർവ്വതി-പുത്തനാറിനടിയിലൂടെയുള്ള 400 മി. മീ. എച്ച്.ഡി.പി.ഇ. പൈപ്പും തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന ജോലി.	22 ലക്ഷം രൂപ
2.	കമലേശ്വരം, അമലത്തറ, കോവളം പ്രദേശങ്ങളിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി കമലേശ്വരം ജംഗ്ഷൻ മുതൽ അമലത്തറ വരെ 1860 മീറ്റർ പൈപ്പു ലൈൻ ഇടുന്ന ജോലി.	28 ലക്ഷം രൂപ
3.	പുതിയ എയർപോർട്ട് റോഡിലുള്ള 400 മി. മീ. പ്രിമോ പൈപ്പ് പൊന്നറ പാലത്തിന് സമീപം 300 മി. മീ. പൈപ്പുമായി കൂട്ടി യോജിപ്പിക്കുന്ന ജോലി.	40 ലക്ഷം രൂപ
4.	വലിയതുറ, മുട്ടത്തറ പ്രദേശത്ത് നിലവിലുള്ള പഴയതും വ്യാസം കുറഞ്ഞതുമായ പൈപ്പുകൾ മാറ്റിയിടുന്ന ജോലി.	46 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
5.	ശ്രീവരാഹം, ആശാൻ നഗർ, പൊന്നറ സ്കൂൾ, മാണിക്യവിളാകം, പടിഞ്ഞാറെക്കോട്ട തുടങ്ങിയ പ്രദേശങ്ങളിൽ നിലവിലുള്ള പഴയതും വ്യാസം കുറഞ്ഞതുമായ പൈപ്പുകൾ മാറ്റിയിടുന്ന ജോലി.	100 ലക്ഷം രൂപ
6.	ബംഗ്ലാദേശ് കോളനി മുതൽ വലിയതുറ വരെയും അമ്പലത്തറ മുതൽ എസ്. എം. ലോക്ക് ജംഗ്ഷൻ വരെയും 250 മി. മീ. വ്യാസമുള്ള പൈപ്പ്ലൈൻ ഇടുന്ന ജോലി.	32 ലക്ഷം രൂപ
7.	വലിയതുറ മുതൽ എയർപോർട്ട് വരെ 250 മി.മീ. പൈപ്പ്ലൈൻ ഇടുന്ന ജോലി.	30 ലക്ഷം രൂപ
8.	മെഡിക്കൽ കോളേജിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള 400 മി.മീ. പ്രിമോ പൈപ്പിനുപകരമായി വയലിക്കട മുതൽ മെഡിക്കൽ കോളേജ് വരെ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ.	149 ലക്ഷം രൂപ
9.	ചെട്ടിക്കുന്ന്, ചെന്നിലോട് പ്രദേശങ്ങളിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതി.	76 ലക്ഷം രൂപ
10.	സെക്രട്ടേറിയറ്റ് വാർഡ്, ആയുർവേദ കോളേജ്, കുന്നുംപുറം പ്രദേശങ്ങളിലെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്ന ജോലി.	62 ലക്ഷം രൂപ
11.	ഒബ്സർവേറ്ററി ടാങ്കിൽ നിന്നും മെഡിക്കൽ കോളേജ് വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ.	109 ലക്ഷം രൂപ
12.	നാലാഞ്ചിറ, മണ്ണന്തല പ്രദേശങ്ങളിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്ന ജോലി.	180 ലക്ഷം രൂപ
13.	അരുവിക്കരയിലുള്ള ജല ശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണം.	200 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly